## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3345 - 25/06/2012-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ രൂപയുടെ മൂല്യത്തകർച്ചയുണ്ടാക്കിയ സ്വാധീനം

**ചോദ്യം**

**ശ്രീ. റ്റി.എ.അഹമ്മദ് കബീർ**

**ശ്രീ. പി.ഉബൈദുള്ള**
**ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ**
**ശ്രീ. സി.മോയിൻകുട്ടി**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി).

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ രൂപയുടെ മൂല്യത്തകർച്ചയും, തന്മൂലം വിദേശനാണ്യശേഖരത്തിലുണ്ടായ ശോഷണവും ഏതൊക്കെ വിധത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്നതു സംബന്ധിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | (എ)സംസ്ഥാന സർക്കാർ ഇതു സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) സംസ്ഥാന ബജറ്റിൽ പ്രധാന മേഖലകൾക്ക് നീക്കിവച്ചിട്ടുള്ള തുകയുടെ വിനിയോഗത്തെ ഇപ്പോഴത്തെ പ്രതിഭാസം ദോഷകരമായി ബാധിക്കുമെന്നു കരുതുന്നുണ്ടോ; | (ബി) രൂപയുടെ മൂല്യതകർച്ചമൂലം വിദേശ സഹായ പദ്ധതികൾ വഴി ലഭിക്കേണ്ട സഹായം അധികമായി ലഭിക്കും. എന്നാൽ വിദേശ സഹായ പദ്ധതികളിൽ ലഭിച്ച വായ്പയുടെ പലിശ, തിരിച്ചടവ് എന്നിവയിൽ അധിക ബാധ്യത സൃഷ്ടിക്കും. |
| (സി) രൂപയുടെ വിനിമയമൂല്യത്തകർച്ചമൂലമുള്ള പ്രതിസന്ധി തരണം ചെയ്യാൻ എന്തൊക്കെ മുൻകരുതലുകൾ സംസ്ഥാനത്തിന്റെ പരിമിതികൾക്കകത്തു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി)മൂല്യത്തകർച്ചയുടെ സമയത്ത് പ്രവാസിനിക്ഷേപം പരമാവധി വർദ്ധിപ്പിച്ച് സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താനുള്ള നടപടികൾക്ക് ആഹ്വാനം ചെയ്യുന്നതോടൊപ്പം എമർജിംഗ് കേരള സംരംഭത്തിൽ നേരിട്ടുള്ള വിദേശനിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ.